# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 714 — 11.06.2014 ൽ മറുപടിക്ക്

## താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അത്യാഹിത വിഭാഗം

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ദേശീയപാതയിൽ വെച്ചും കടലിൽനിന്നും അപകടത്തിൽപ്പെടുന്ന ധാരാളം രോഗികൾ അടിയന്തിര ചികിത്സയ്ക്കായി എത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ സി.എച്ച്.സി-യിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിതവിഭാഗം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത്യാഹിതവിഭാഗം അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ? | (ബി) | അപകടത്തിൽപ്പെട്ട് എത്തുന്നവർക്ക് താനൂർ സി.എച്ച്.സി യിൽ നിന്നും ചികിത്സ നൽകാൻ സാധിക്കുന്ന കേസുകൾക്ക് ചികിത്സ നൽകാറുണ്ട്. അല്ലാത്തവരെ ഈ സ്ഥാപനത്തിന് ഏറ്റവും അടുത്തുള്ള തിരൂർ ജില്ലാ ആശുപത്രിയിലേക്കും തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലേക്കും റഫർ ചെയ്യാറുണ്ട്. സി.എച്ച്.സി കളിൽ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. |

സെക്ഷൻ ഓഫീസർ